भारतीय रिज़र्व बैंक
RESERVE BANK OF INDIA
www.rbi.org.in

RBI/2018-19/8
FIDD.GSSD. BC. No.01/09.10.01/2018-19 ജൂലൈ 2, 2018

എല്ലാ വാണിജ്യ ബാങ്കുകളുടെ
(ആർ.ആർ.ബി. കളും 20 ശാഖകളിൽ കുറവുള്ള
വിദേശബാങ്കുകളും ഒഴികെ) ചെയർമാൻ/
മാനേജിംഗ് ഡയറക്ടർ.

പ്രിയപ്പെട്ട മാഡം/ സർ,

**ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ പദ്ധതികൾ പ്രാമാണിക സർക്കുലർ**

ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ പദ്ധതികളെ സംബന്ധിച്ച് 2017 ജൂലൈ 1 വരെയുള്ള നിർദ്ദേശങ്ങൾ/മാർഗ്ഗരേഖകൾ/ഉത്തരവുകൾ എന്നിവ ക്രോഡീക രിച്ചുപുറപ്പെടുവിച്ച 2017 ജൂലൈ 1-ലെ പ്രാമാണിക സർക്കുലർ നമ്പർ FIDD.GSSD. BC. No.01/09.10.01/2017-18 പരിശോധിക്കുക. 2018 ജൂൺ 30 വരെയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നവീകരിച്ച പ്രാമാണിക സർക്കുലർ ആർ.ബി.ഐ. യുടെ വെബ്സൈറ്റിൽ (https://www.rbi.org.in) കൊടുത്തിട്ടുണ്ട്.

വിശ്വാസപൂർവ്വം

(സൊനാലി സെൻ ഗുപ്ത)

ചീഫ് ജനറൽ മാനേജർ

Encl: മുകളിൽ സൂചിപ്പിച്ചതുപോലെ

वित्तीय समावेशन और विकास विभाग, केन्द्रीय कार्यालय,10 वी मंजिल, केंद्रीय कार्यालय भवन, शहीद भगतसिंह मार्ग,पोस्ट बॉक्स सं. 10014,मुंबई -400001
Financial Inclusion & Development Dept.,Central Office,10th Floor, Central Office Building,Shahid Bhagat Singh Marg,P.B.No.10014,Mumbai-1
टेली Tel:022-22601000 फैक्सः 91-22-22621011/22610943/22610948 ई -मेल : cgmincfidd@rbi.org.in
हिंदी आसान है,इसका प्रयोग बढ़ाइए।
"चेतावनी : रिज़र्व बैंक द्वारा मेल-डाक, एसएमएस या फोन कॉल के जरिए किसी की भी व्यक्तिगत जानकारी जैसे बैंक के खाते का ब्यौरा, पासवर्ड आदि नहीं मांगी जाती है। यह धन रखने या देने का प्रस्ताव भी नहीं करता है। ऐसे प्रस्तावों का किसी भी तरीके से जवाब मत दीजिए।"
Caution: RBI never sends mails, SMSs or makes calls asking for personal information like bank account details, passwords, etc. It never keeps or offers funds to anyone. Please do not respond in any manner to such offers.

**1. ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ പദ്ധതികൾ**

ഗവൺമെൻറ് നടപ്പിലാക്കിയിട്ടുള്ള നിരവധിപദ്ധതികളുടെ പ്രയോജനം ന്യൂനപക്ഷ സമുദായ ങ്ങൾക്ക് വേണ്ടത്ര അളവിലും, ന്യായമായും എത്തിച്ചേരുന്നവിധത്തിൽ ശ്രദ്ധചെലുത്തണമെന്ന് ഇന്ത്യാ ഗവൺമെൻറ് സൂചിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച്, ന്യൂനപക്ഷസമുദായങ്ങൽക്ക് ബാങ്കുവായ്പകൾ സുഗമമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് എല്ലാ വാണിജ്യ ബാങ്കുകളേയും അറിയിക്കുന്നു. 20% ന്യൂനപക്ഷ ജനസംഖ്യയുള്ള ന്യൂനപക്ഷ സാന്ദ്രതയേറിയ (ന്യൂനപക്ഷ ഭൂരിപക്ഷ സംസ്ഥാനങ്ങളും, കേന്ദ്രഭരണ പ്രദേശങ്ങളുമൊഴിച്ച് ഉദാ. ജമ്മു-കാശ്മീർ, പഞ്ചാബ്, മേഘാലയ, മിസോറാം, നാഗാലാൻറ്, ലക്ഷദ്വീപ് എന്നിവ) 121 ജില്ലകളുടെ ഒരു പട്ടികയും ഗവൺമെൻറ് ഓഫ് ഇന്ത്യ അയച്ചിട്ടുണ്ട്. ന്യൂനപക്ഷ സമുദായങ്ങൾക്ക് മുൻഗണനാവിഭാഗത്തിൽപ്പെട്ട വായ്പാപദ്ധതികളിൽ ന്യായവും അർഹമായതുമായ പങ്ക് ലഭിക്കുന്നുണ്ടെന്നു ഉറപ്പുവരുത്തി ഈ 121 ജില്ലകളിലേയും വായ്പയുടെ പ്രവാഹത്തെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ പ്രത്യേകം നിരീക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. (ന്യൂനപക്ഷ സാന്ദ്രതയേറിയ ജില്ലകളുടെ പട്ടിക അനുബന്ധം-1 ൽ കൊടുത്തിരിക്കുന്നു.)

റിസർവ്ബാങ്കിൻറെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് അഡ്ജസ്റ്റഡ് നെറ്റ്ബാങ്ക് ക്രെഡിറ്റ് (ANBC) 1, ഓഫ് ബാലൻസ്ഷീറ്റ് എക്സ്പോഷറുകൾ (OBE) (ഇവരണ്ടും മുൻവർഷം മാർച്ച് 31- ൦൦ തീയതിയിലുള്ളവ) ഇവയിൽ ഏതാണോ കൂടുതൽ അതിൻറെ വായ്പാ സമാനമായതുകയുടെ 40%, തദ്ദേശ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും 20 ശാഖകളിൽ കുറയാത്ത ശാഖകളുള്ള വിദേശബാങ്കുകളും, മുൻഗണനാ വിഭാഗങ്ങൾക്ക് വായ്പ നൽകണമെന്നലക്ഷ്യം നിർബന്ധമാ ക്കിയിട്ടുണ്ട്. ഇതിനുള്ളിൽ ANBC യുടെ അല്ലെങ്കിൽ OBE യുടെ വായ്പാസമാനമായ തുകയുടെ (ഇതിൽ ഏതാണോ കൂടുതൽ അതിൻറെ)10% ഉപലക്ഷ്യം ന്യൂനപക്ഷ സമുദായങ്ങളിൽപെട്ട ആളുക ളുൾപ്പെടെയുള്ള, ദുർബ്ബല വിഭാഗങ്ങൾക്ക് നൽകണമെന്ന് അനുശാസിച്ചിട്ടുണ്ട്.

**2. ന്യൂനപക്ഷ സമുദായങ്ങളുടെ നിർവ്വചനം**

2.1. ഇന്ത്യാ ഗവൺമെൻറിൻറെ ന്യൂനപക്ഷകാര്യ മന്ത്രാലയം താഴെപ്പറയുന്ന സമുദായങ്ങളെ ന്യൂനപക്ഷസമുദായങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

a സിക്കുകാർ

b മുസ്ലീംകൾ

c ക്രിസ്ത്യാനികൾ

d സൊരാഷ്ട്രീയന്മാർ

e ബുദ്ധമതക്കാർ

f ജൈനന്മാർ

2.2. ഒരു പാർട്ണർഷിപ്പ് സംരംഭത്തിൻറെ കാര്യത്തിൽ, പങ്കാളികളിൽ ഭൂരിപക്ഷം പ്രസ്തുത ന്യൂനപക്ഷസമുദായങ്ങളിൽ ഏതെങ്കിലും ഒന്നിൽ അല്ലെങ്കിൽ മറ്റൊന്നിൽപെട്ടതായിരുന്നാൽ, അത്തരം പാർട്ട്നർഷിപ്പു സംരംഭങ്ങൾക്കു നൽകിയ വായ്പകൾ, ന്യൂനപക്ഷ സമുദായങ്ങൾക്കു നൽകിയ വായ്പകളായി പരിഗണിക്കാം. കൂടാതെ, ഒരു പാർട്നർഷിപ്പ് സംരംഭത്തിൻറെ ഭൂരിപക്ഷ ഗുണഭോക്തൃ ഉടമാവകാശം ഒരു ന്യൂനപക്ഷസമുദായത്തിനുള്ളതാണെങ്കിൽ, ആ വായ്പകളെ പ്രസ്തുത സമുദായ ങ്ങൾക്കു നൽകിയ വായ്പകളായി വർഗ്ഗീകരിക്കാം. ഒരു കമ്പനിക്ക് നിയമപരമായി വ്യതിരക്തമായ ഒരു നിലനില്പാണുള്ളത്. അതിനാൽ അതിനുനൽകിയ വായ്പകളെ പ്രസ്തുത ന്യൂനപക്ഷ സമുദായങ്ങൾക്ക് നൽകിയ വായ്പകളായി ഗണിക്കാൻ കഴി യില്ല.

### 3. ഒരു പ്രത്യേക സെല്ലിൻറെ രൂപീകരണവും, ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയോഗിക്കലും

3.1. ന്യൂനപക്ഷസമുദായങ്ങൾക്ക് സുഗമമായി വായ്പ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ ഓരോ ബാങ്കിലും ഒരു പ്രത്യേക സെൽ രൂപീകരിക്കണം. ഡപ്യൂട്ടി ജനറൽ മാനേജർ അല്ലെങ്കിൽ അസിസ്റ്റൻറ് ജനറൽ മാനേജർ അല്ലെങ്കിൽ തത്തുല്യ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ 'നോഡൽ ഓഫീസറാ' യി പ്രവർത്തിക്കാൻ, സെല്ലിൻറെ തലവനായി നിയമിക്കണം.

3.2. ന്യൂനപക്ഷ സാന്ദ്രതയുള്ള ഓരോ ജില്ലയിലേയും ലീഡ്ബാങ്കിന് ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പകൾ നൽകുന്നതു സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു പ്രത്യേക ഉദ്യോഗസ്ഥനുണ്ടായിരിക്കണം. ന്യൂനപക്ഷസമുദായങ്ങൾക്കിടയിൽ, ബാങ്കുവായ്പാ പദ്ധതികളെ സംബന്ധിച്ച് പ്രചരണം നടത്തുക, ബാങ്ക്ശാഖാ മാനേജരുമായി സഹകരിച്ച് അവർക്ക് അനുയോജ്യവും ഗുണകരവുമായ പദ്ധതികൾ തയാറാക്കുക എന്നിവ ഈ ഉദ്യോഗസ്ഥൻറെ ചുമതലകളാണ്.

3.3. ഈ നിയുക്ത ഉദ്യോഗസ്ഥൻ, അതാത് ജില്ലകളിലെ ന്യൂനപക്ഷ സമുദായ ങ്ങൾക്കുള്ള വായ്പകളെ സംബന്ധിച്ച കാര്യങ്ങൾമാത്രം പ്രത്യേകമായി കൈകാര്യം ചെയ്യണം. ഈ ഉദ്യോഗസ്ഥനെ ജില്ലാതലത്തിൽ ലീഡ്ബാങ്ക് സംവിധാനവുമായി ബന്ധിപ്പിക്കണം. അങ്ങിനെ ഈ ഉദ്യോഗസ്ഥന്, ഉയർന്ന പദവിയിലുള്ളതും വേണ്ടത്ര അനുഭവജ്ഞാനവുമുള്ളതും, അതുകാരണംതന്നെ, ഗവൺമെൻറ് ഏജൻസികളുമായും, മറ്റു വായ്പാസ്ഥാനപങ്ങളുമായും, ജില്ലയിലെ ബാങ്കുകളിലെ മാനേജർമാരുമായും ബന്ധമുള്ളതുമായ ലീഡ്ബാങ്ക് ഓഫീസറിൽനിന്നും മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കാൻ സാധിക്കും. ഈ ഉദ്യോഗസ്ഥൻ, ന്യൂനപക്ഷസമുദായത്തിൽപെട്ട ആളുകൾക്ക് അനുയോജ്യമായ പദ്ധതികൾ തയാറാക്കുന്നതിനുവേണ്ടി അവരുടെ ഗ്രൂപ്പ് യോഗങ്ങൾ നടത്താ നുള്ള ഏർപ്പാടുചെയ്യണം. ഈ നിയുക്തഉദ്യോഗസ്ഥന്മാർ അവരെ ചുമതലപ്പെടുത്തിയിട്ടുള്ള ഉത്തരവാദി ത്വങ്ങൾ ഫലപ്രദമായി നിറവേറ്റുന്നുണ്ടെന്ന് അതാതു ബാങ്കുകൾ ഉറപ്പുവരുത്തണം.

3.4. ജില്ലാതല കൺസൻറ്റേറ്റീവ് സമിതി (DCCS) കളുടേയും, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിക ളുടേയും കൺവീനർ ബാങ്കുകൾ, ന്യൂനപക്ഷസമുദായ ങ്ങൾക്കുള്ള വായ്പകൾ

സുഗമമാക്കു ന്നതിനുള്ള നടപടികളും, ഇക്കാര്യത്തിലുള്ള പുരോഗതിയും, അവരുടെ യോഗങ്ങളിൽ ഇടതടവി ല്ലാതെ അവലോകനം ചെയ്യപ്പെടു ന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

3.5. ഡിഎൽആർസി/എസ്എൽആർഎം/എസ്എൽബിസി-കൾ എന്നിവയുടെ കൺവീ നർ ബാങ്കുകൾ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷനുകൾ/സംസ്ഥാന ന്യൂനപക്ഷ ഫൈനാൻഷ്യൽ കോർപ്പറേഷൻറെ ബോർഡുകൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർമാ രെ അല്ലെങ്കിൽ പ്രതിനി ധികളെ, ജില്ലാതല അവലോകന കമ്മിറ്റികൾ (DLRC) സംസ്ഥാനതല അവലോകനയോഗം (DLRC) സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLRM) എന്നിവയുടെ യോഗങ്ങളിൽ പങ്കെടുക്കാൻ ക്ഷണിക്കണം.

3.6. ഹെഡ് ഓഫീസിലെ സ്പെഷ്യൽസെൽ ഓഫീസർ ഇൻചാർജ്ജ്, ന്യൂനപക്ഷ സമുദായ ങ്ങളുടെ പ്രശ്നങ്ങൾമാത്രം പ്രത്യേകം കൈകാര്യം ചെയ്യുന്നതിന് ലീഡ് ബാങ്കുകൾ നിയമിച്ച ഉദ്യോഗസ്ഥന്മാർ എന്നിവരുടെ പേരുകളും, ഔദ്യോഗിക പദവിയും മേൽവിലാസങ്ങളും, ബാങ്കുകൾ ന്യൂനപക്ഷങ്ങളുടെ ദേശീയ കമ്മീഷന് താഴെപ്പറയുന്ന മേൽവിലാസത്തിൽ അറിയിക്കണം.

**സെക്രട്ടറി**

**ന്യൂനപക്ഷങ്ങളുടെ ദേശീയകമ്മീഷൻ**

**ഗവൺമെൻറ് ഓഫ് ഇന്ത്യ**

**5-ാം നില, ലോക് നായക് ഭവൻ, ഖാൻ മാർക്കറ്റ്,**

**ന്യൂഡൽഹി-110003.**

പ്രസ്തുത എഴുത്തിൻറെ ഒരു കോപ്പി, റിസർവ്ബാങ്ക് ഓഫ് ഇന്ത്യ, സെൻട്രൽ ഓഫീസ്, മുംബൈയുടെ ഫൈനാൻഷ്യൽ ഇൻക്ലൂഷൻ ആൻഡ് ഡവലപ്മെൻറ് ഡിപ്പാർട്ടുമെൻറിനും അയക്കേണ്ടതാണ്.

3.7. ന്യൂനപക്ഷ സമുദായങ്ങളുടെ സാന്ദ്രത കൂടുതലുണ്ടെന്നുകണ്ടെത്തിയ ജില്ലകളിലെ ലീഡ് ബാങ്കുകൾ സംസ്ഥാന ന്യൂനപക്ഷകമ്മീഷൻ/ഫൈനാൻസ് കോർപ്പറേഷൻ എന്നിവയെ, ബോധവൽക്കരണം, ഉപഭോക്താക്കളെ കണ്ടെത്തൽ, ലാഭകരമായ പദ്ധതി കൾ തയാറാക്കൽ, അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പിക്കൽ, മാർക്കറ്റിംഗ് എന്നിവയടങ്ങിയ ഭാവിയിലേയും, പിൽക്കാലത്തുമുള്ള അനുബന്ധകാര്യങ്ങൾ വായ്പ തിരിച്ചുപിടിക്കൽ തുടങ്ങിയ വികസന കർമ്മങ്ങളിൽ ഉൾപ്പെടുത്തണം.

**3.8. നിർദ്ദിഷ്ട ജില്ലകളിൽ, ലീഡ് ബാങ്കുകൾ നബാർഡിൻറെ ഡി.ഡി.എമ്മുകൾ,**

എൻജിഓസ്, വാളൻററി സംഘടനകൾ എന്നിവയുമായി കൂട്ടുചേർന്ന് ദരിദ്രരെ സ്വയംസഹായ ഗ്രൂപ്പുകളുമായി (SHGS) സഹകരിപ്പിക്കണം. ന്യൂനപക്ഷസാന്ദ്രത കൂടുതലുള്ള ജില്ലകളിലെ ലീഡ്ബാങ്കുകൾ, ന്യൂനപക്ഷ സമുദായങ്ങൾ പ്രത്യേകിച്ച് ദരിദ്രരും നിരക്ഷരരു മായവർക്ക് ലാഭകരമായ സംരംഭങ്ങൾ തുടങ്ങാൻവേണ്ട ബാങ്കുവായ്പകൾ ലഭിക്കാൻവേണ്ടി, അവരിൽ നിന്നും പ്രതീക്ഷിക്കുന്ന രീതിയിലുള്ള, സ്വപ്രേരിതമായ ഒരു പങ്ക് വഹിക്കണം.

**4. ഡിആർഐ പദ്ധതിയിൻ കീഴിലുള്ള വായ്പകൾ**

ബാങ്കുകൾ ഡിആർഐ പദ്ധതിയിൻ കീഴിലുള്ള വായ്പകൾ, എസ്സി/ എസ്ടി (SC/ST) വികസന കോർപ്പറേഷനുകൾക്കു നൽകുന്ന അതേ വ്യവസ്ഥകളിൽ, സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനുകളും, വികസന കോർപ്പറേഷനുകളുംവഴി നൽകണം. പക്ഷേ, ഈ കോർപ്പറേ ഷനുകളുടെ ഗുണഭോക്താക്കൾ, ഈ പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങളും, മറ്റു നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ചുള്ള വരായിരിക്കണം. സമയാസമയം വായ്പകൾ അനുവദിക്കാനും വിതരണം ചെയ്യാനും സാദ്ധ്യമാകുംവിധം, ബാങ്കുകൾ രേഖകൾ വേണ്ടവിധ ത്തിൽ സൂക്ഷിക്കണം.

**5. നിരീക്ഷണം**

5.1. നിർദ്ദിഷ്ട ന്യൂനപക്ഷസമുദായങ്ങൾക്ക് വായ്പകൾ നൽകുന്ന കാര്യത്തിൽ ബാങ്കുകളുടെ നിർവഹണം നിരീക്ഷിക്കുന്നതിനുവേണ്ടി, ന്യൂനപക്ഷ സമുദായാം ഗങ്ങൾക്കു നൽകിയ വായ്പാസ ഹായങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്കും, ഗവൺമെൻറ് ഓഫ് ഇന്ത്യയുടെ ധനകാര്യ മന്ത്രാലയത്തിനും, ന്യൂനപക്ഷകാര്യ മന്ത്രാലയത്തിനും സമർപ്പിക്കണം. ഈ വിവരങ്ങൾ ഓരോ വർഷവും അർദ്ധവാർഷികാടിസ്ഥാനത്തിൽ മാർച്ച്, സെപ്തംബർ മാസങ്ങളിലെ അവസാന പ്രവൃത്തി ദിവസങ്ങളിലേതാ യിരിക്കണം.

5.2. ന്യൂനപക്ഷസാന്ദ്രതയുള്ളവയെന്നു കണ്ടെത്തിയിട്ടുള്ള ജില്ലകളിലുള്ള ജില്ലാ ഉപദേശക സമിതികളുടെ കൺവീനർ ബാങ്കുകൾ അവയുടെ ലീഡ് ഉത്തരവാദി ത്വത്തിൻകീഴിലുള്ള നിർദ്ദിഷ്ട ന്യൂനപക്ഷ സമുദായങ്ങൾക്കു ജില്ലയിൽ ബാങ്കുകൾ അനുവദിച്ചിട്ടുള്ള മുൻഗണ നാവായ്പകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് നിർദ്ദിഷ്ട ഫോറത്തിൽ (അനുബന്ധം-III കാണുക) റിസർവ് ബാങ്കിൻറെ അതാത് മേഖലാഓഫീ സുകൾക്ക്, ബന്ധപ്പെട്ട ത്രൈമാസികം അവസാനിച്ച് ഒരു മാസത്തിനകം സമർപ്പിക്കണം.

5.3. ന്യൂനപക്ഷ സമുദായങ്ങൾക്ക് നൽകിയിട്ടുള്ള വായ്പാസഹായത്തിലുള്ള പുരോഗതി, ജില്ലാ ഉപദേശക സമിതികൾ (DCCS), സംസ്ഥാനതല ബാങ്കേഴ്സ് സമിതികൾ എന്നിവയുടെ യോഗങ്ങളിൽ നിരന്തരം അവലോകനം ചെയ്യണം.

5.4. ന്യൂനപക്ഷ സാന്ദ്രതയുള്ളവയെന്ന് കണ്ടെത്തപ്പെട്ട ജില്ലകളിലെ ലീഡ് ബാങ്കുകൾ ഡിസിസികളുടേയും, സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടേയും യോഗങ്ങളിലെ കാര്യപരിപാടി കുറിപ്പുകളുടേയും മിനിട്ട്സിൻറേയും പ്രസക്തഭാഗങ്ങൾ കേന്ദ്ര ധനകാര്യവകുപ്പിൻറേയും, ന്യൂനപ ക്ഷമന്ത്രാലയ ത്തിൻറേയും ഉപയോഗത്തിനായി, ത്രൈമാസികാടിസ്ഥാനത്തിൽ അവയ്ക്ക് സമർപ്പിക്കണം.

**6. പരിശീലനം**

6.1. ബാങ്കു ജീവനക്കാർക്കും, ഉദ്യോഗസ്ഥ◌ാർക്കും, ന്യൂനപക്ഷ ക്ഷേമപദ്ധ തികളെ സംബന്ധിച്ച ശരിയായ വീക്ഷണവും, അനുകൂല മനോഭാവവും ഉണ്ടെന്നുറപ്പുവ രുത്താൻ, ഉപയുക്തമായ പരിശീലനം നൽകണം. ഇതിനുവേണ്ടി ബാങ്കുകൾ പ്രവേശനാവസരത്തിലേയും, ഗ്രാമീണവായ്പാ സംബന്ധമായവ, മുൻഗണനാ

വായ്പാപദ്ധതി, ദാരിദ്ര്യ നിർമ്മാർജന പരിപാടികൾ എന്നിവ യുടെയും പ്രസക്തമായ പരിശീലന പരിപാടികൾക്കുള്ളിൽ അനുയോജ്യമായ പഠനവേളകൾ ഉൾപ്പെ ടുത്തണം.

6.2. നിർദ്ദിഷ്ട ജില്ലകളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ന്യൂനപക്ഷ സമുദായങ്ങൾക്ക് വിവിധ വായ്പാ പദ്ധതികളിൻകീഴിലുള്ള സഹായം നൽകാൻവേണ്ടി ബോധവൽക്കരണവും പ്രോത്സാ ഹനവും നൽകണം.

6.3. ലീഡ് ബാങ്കുകൾ മൈക്രോവായ്പകൾ/സ്വയംസഹായഗ്രൂപ്പുകൾക്കുള്ള വായ്പകൾ എന്നിവയെ സംബന്ധിച്ച് ബാങ്കുദ്യോഗസ്ഥർക്കുവേണ്ടി ഡിഡിഎം എസുകൾ, നബാർഡ് എന്നിവയുടെ സഹായ ത്തോടുകൂടി ബോധവൽക്കരണ ശില്പശാലകൾ സംഘടിപ്പി ക്കണം.

6.4. നിർദ്ദിഷ്ട ജില്ലകളിലെ ലീഡ് ബാങ്കുകൾ ന്യൂനപക്ഷ സമുദായങ്ങൾക്കുവേണ്ടി സംരംഭക വികസന പദ്ധതികൾ സംഘടിപ്പിക്കണം. അങ്ങിനെ, ബാങ്കുകൾ വായ്പാ സഹായം നൽകുന്ന പരിപാടികളുടെ പ്രയോജനം ഈ പ്രദേശങ്ങളിലുള്ളവർക്ക് ലഭ്യമാകും. ഈ ജില്ലകളിൽ ജനങ്ങൾ പ്രധാനമായും ഏർപ്പെട്ടിരിക്കുന്ന തൊഴിലിനേയും മറ്റ് പ്രവൃത്തികളേയും അടിസ്ഥാന പ്പെടുത്തി പരിശീലനവുംഅവയോടു അനുകൂല മനോഭാവവും പകർന്നു നൽകാൻ പൂർണ്ണമായും സജ്ജമായിട്ടുള്ള സംസ്ഥാന ഗവൺമെൻറുകൾ, വ്യവസായ വകുപ്പ്, ജില്ലാ വ്യവസായ കേന്ദ്രം സിഡ്ബി (SIDBI) സംസ്ഥാന സാങ്കേതിക കൂടിയാലോചനാ സമിതി, ഖാദിഗ്രാമ വ്യവസായ കമ്മീഷൻ, മററു സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ അനുയോജ്യമായ പരിപാടികൾ രൂപീകരിക്കണം. പരിപാടികളുടെ ദൈർഘ്യം, പാഠ്യപദ്ധതിയുടെ ഉള്ളടക്കം, തിരഞ്ഞെടുക്കേണ്ട അദ്ധ്യയനപിന്തുണ, നിലവിലുള്ള പരിതസ്ഥി തികൾ, കഴിവുകൾ, ആവശ്യങ്ങൾ, ജില്ലയിലെ ആളുകൾക്കുള്ള അഭിരുചികൾ എന്നിവ കണക്കിലെടുത്തുകൊണ്ട് ഓരോ ലീഡ് ബാങ്കും തിരഞ്ഞെടുക്കണം.

**7. പബ്ലിസിറ്റി**

7.1. ന്യൂനപക്ഷ സമുദായങ്ങളുടെ സാന്ദ്രതകൂടുതലുള്ള ജില്ലകളിൽ പ്രത്യേകിച്ചും അനുബന്ധം ക-ൽ ചേർത്തിട്ടുള്ള ന്യൂനപക്ഷ സമുദായങ്ങളുടെ സാന്ദ്രത കൂടുതലുള്ള ജില്ലകളിൽ ഗവൺമെൻറിൻറെ വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളെ സംബന്ധിച്ച് നല്ല പബ്ലിസിറ്റി നൽകണം.

7.2. ലീഡ് ബാങ്കുകൾ, നിർദ്ദിഷ്ട ജില്ലകളിലുള്ള ന്യൂനപക്ഷ സമുദായങ്ങൾക്കി ടയിൽ ബാങ്കുകളിൽനിന്നും ലഭ്യമായ വായ്പാ സഹായങ്ങളെ സംബന്ധിച്ചു അനുയോജ്യമായ ഉപാധികളി ലൂടെ ബോധവൽക്കരണം നടത്തണം. താഴെപ്പറയുന്ന ഉപാധികൾ ഉപയോഗിക്കാം.

**i.** അച്ചടിമാദ്ധ്യമങ്ങൾ; അതായത് തദ്ദേശഭാഷകളിലുള്ള ലഘുലേഖാ വിതരണം, പരസ്യങ്ങൾ, പത്രങ്ങളിലെ ലേഖനങ്ങൾ തുടങ്ങിയവ.

**ii.** ടി.വി. ചാനലുകൾ-ദൂരദർശൻ, തദ്ദേശിയ ചാനലുകൾ.

iii. മേളകളിലും, വ്യാപാരമേളകളിലും സ്റ്റാളുകൾ സ്ഥാപിച്ചും ഇവരുടെതന്നെ സമുദായങ്ങളിലുള്ള മതപരമായ ഉത്സവങ്ങളിലും, ആഘോഷങ്ങളിലും പങ്കെടുക്കുക

**8. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC)**

8.1. ന്യൂനപക്ഷങ്ങളിൽ പിന്നാക്കം കഴിയുന്നവരുടെ സാമ്പത്തികമായ ഉന്നമനത്തിനും വികസന പ്രവർത്തനങ്ങൾക്കുംവേണ്ടിയാണ് 1994 സെപ്തംബറിൽ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) സ്ഥാപിക്കപ്പെട്ടത്, NMDFC ഒരു ഉന്നതതല സംഘടന യായി (Apex body) പ്രവർത്തിക്കുന്നു. ഇത് അതിൻറെ ഫണ്ടുകൾ അതാത് സംസ്ഥാനങ്ങ ളുടേയും കേന്ദ്ര ഭരണപ്രദേശ ങ്ങളിലേയും സംസ്ഥാന ന്യൂനപക്ഷ ഫൈനാൻസ് കോർപ്പറേഷൻവഴി ഗുണഭോ ക്താക്കൾക്ക് എത്തിക്കുന്നു.

8.2 NMDFC ഇതുകൂടാതെ മാർജിൻമണി പദ്ധതിയും കൈകാര്യം ചെയ്യുന്നുണ്ട്. ഈ പദ്ധതിയിൻകീഴിലുള്ള ബാങ്ക് വായ്പ, പ്രോജക്ട് ചിലവിൻറെ 60% ആയിരിക്കും. പ്രോജക്ട് ചിലവിൻറെ ബാക്കിത്തുക, NMDFC 25% സംസ്ഥാന ഏജൻസി 10%, ഗുണഭോക്താവ് 5% എന്ന അനുപാതത്തിൽ പങ്കുവയ്ക്കുന്നു. NMDFC ആവിഷ്ക്ക രിച്ച മാർജിൻമണി പദ്ധതി ബാങ്കുകളാണ് നടപ്പിലാക്കേണ്ടത്. ബാങ്ക് വായ്പകൾ നൽകുമ്പോൾ, മുൻഗണനാ വിഭാഗങ്ങ ൾക്കുള്ള വായ്പകൾ സംബന്ധിച്ച് റിസർവ് ബാങ്ക് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും നിബന്ധനകളും കണക്കി ലെടുക്കണം. വായ്പകളുപ യോഗിച്ച് സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ബാങ്കുകൾ പണയമായി എടുക്കണം. ബാങ്കുകൾ, പണം തിരിച്ചടവായി കിട്ടുമ്പോൾ അത് ആദ്യം ബാങ്കുവായ്പകളിലേക്ക് നീക്കിവയ്ക്കണം.

**9. ന്യൂനപക്ഷ ക്ഷേമത്തിനായുള്ള പ്രധാനമന്ത്രിയുടെ 15 ഇന പദ്ധതി**

9.1. ന്യൂനപക്ഷക്ഷേമത്തിനായുള്ള പ്രധാനമന്ത്രിയുടെ പുതിയ 15 ഇന പരിപാടി ഇന്ത്യാഗവൺമെൻറ് നവീകരിച്ചിരിക്കുന്നു. മുൻഗണനാ വിഭാഗത്തിനുള്ള വായ്പ കളുടെ സമുചിതമായ ഒരു ശതമാനം ന്യൂനപക്ഷസമു ദായങ്ങൾക്കും, വിവിധ ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ ഗുണം ന്യൂനപക്ഷസമുദായങ്ങ ളിലെ അവഗണിക്കപ്പെട്ട വിഭാഗങ്ങളും ഉൾപ്പെടുന്ന ദുർബ്ബലവിഭാഗത്തിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഈ പുതിയ പദ്ധതി കേന്ദ്ര മന്ത്രാലയങ്ങ ൾവഴിയും സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെ ഗവൺമെൻറ് ഡിപ്പാർട്ടുമെൻറു കൾ വഴിയുമാണ് നടപ്പിലാക്കേണ്ടത്. ഈ വികസന പദ്ധതിയുടെ ഒരു ഭാഗം ന്യൂനപക്ഷ സാന്ദ്രതയുള്ള ജില്ലകളിലാണ് നടപ്പിലാക്കേണ്ടത് എന്ന് നിഷ്കർഷിച്ചി രിക്കുന്നു. ആയതിനാൽ, എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും മുൻഗണനാ വായ്പകളുടെ പൊതുവേയുള്ള ലക്ഷ്യത്തിൻറെ ഒരു ഉപലക്ഷ്യമായി 10% ദുർബ്ബല വിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ന്യൂനപക്ഷസമുദായങ്ങൾക്ക് ബാങ്ക് വായ്പയുടെ ന്യായമായ പങ്ക് കിട്ടുന്നതിനുവേണ്ടത്ര ശ്രദ്ധപതിപ്പിക്കണം. ജില്ലാ വായ്പാ പ്ലാനുകൾ ഉണ്ടാകുമ്പോൾ, ലിഡ് ബാങ്കുകൾ ഈ ആവശ്യങ്ങൾ പരിഗണി ക്കണമെന്ന്, അറിയിച്ചിട്ടുണ്ട്.

## ന്യൂനപക്ഷ സാന്ദ്രതയുള്ള 121 ജില്ലകൾ

**അനുബന്ധം-I**

| നം. | സംസ്ഥാനം | നം. | ജില്ല |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ആൻറമാൻസ് (2) | 1 | നിക്കോബാർസ് |
| | ആൻറമാൻസ് | 2 | ആൻറമാൻസ് |
| 2 | അരുണാചൽപ്രദേശ് (7) | 3 | റ്റാംഗ് |
| | അരുണാചൽപ്രദേശ് | 4 | ഛാംഗ്ലാംഗ് |
| | അരുണാചൽപ്രദേശ് | 5 | തിറാപ്പ് |
| | അരുണാചൽപ്രദേശ് | 6 | വെസ്റ്റ് കാമെൻഗ് |
| | അരുണാചൽപ്രദേശ് | 7 | പാംപംപാറ |
| | അരുണാചൽപ്രദേശ് | 8 | ഈസ്റ്റ് കാമെൻഗ് |
| | അരുണാചൽപ്രദേശ് | 9 | ലോവർ സുബൻസിരി |
| 3 | ആസാം (13) | 10 | ദുബിരി |
| | ആസാം | 11 | ഗോൾപാറാ |
| | ആസാം | 12 | ബാർപേട്ട |
| | ആസാം | 13 | ഹൈലംഗദി |
| | ആസാം | 14 | കരിംജാംഗ് |
| | ആസാം | 15 | നാഗാൻ |
| | ആസാം | 16 | മാരിഗൺ |
| | ആസാം | 17 | ദാരംഗ് |
| | ആസാം | 18 | ബോൺഗൈഗാൺ |
| | ആസാം | 19 | കച്ചാർ |
| | ആസാം | 20 | കൊക്രാജഹാർ |
| | ആസാം | 21 | നോർത്ത് കച്ചാർ ഹിൽസ് |
| | ആസാം | 22 | കാമരൂപ് |
| 4 | ബീഹാർ (7) | 23 | കൃഷ്ണഗംജ് |
| | ബീഹാർ | 24 | കാതിഹാർ |
| | ബീഹാർ | 25 | അരാരിയാ |
| | ബീഹാർ | 26 | പൂർണിയ |
| | ബീഹാർ | 27 | സീതാമർഹി |
| | ബീഹാർ | 28 | ദാർബംഗ |
| | ബീഹാർ | 29 | പശ്ചിംചംമ്പരൻ |
| 5 | ഡൽഹി (2) | 30 | സെൻട്രൽ |
| | ഡൽഹി | 31 | നോർത്ത് ഈസ്റ്റ് |
| 6 | ഗോവ (1) | 32 | സൗത്ത് ഗോവ |
| 7 | ഹരിയാന (2) | 33 | ഗുർഗോൺ |
| | ഹരിയാന | 34 | സർസാ |
| 8 | ഹിമാചൽപ്രദേശ് (2) | 35 | ലാഹുൽ & സ്പിതി |
| | ഹിമാചൽപ്രദേശ് | 36 | കിന്നാർ |
| 9 | ജമ്മു & കാശ്മീർ (1) | 37 | ലെഹ് (ലെഡാക്) |
| 10 | ജാർഖണ്ഡ് (4) | 38 | പാകൗർ |
| | ജാർഖണ്ഡ് | 39 | സാഹിബ്ജംഗ് |

| | | | |
|---|---|---|---|
| | ജാർഖണ്ഡ് | 40 | ഗുംല |
| | ജാർഖണ്ഡ് | 41 | രാൻജി |
| 11 | കർണാടക (3) | 42 | ദക്ഷിണ കന്നട |
| | കർണാടക | 43 | ബിദാർ |
| | കർണാടക | 44 | ഗുൾബർഗാ |
| 12 | കേരള (14) | 45 | മലപ്പുറം |
| | കേരള | 46 | എറണാകുളം |
| | കേരള | 47 | കോട്ടയം |
| | കേരള | 48 | ഇടുക്കി |
| | കേരള | 49 | വയനാട് |
| | കേരള | 50 | പത്തനംതിട്ട |
| | കേരള | 51 | കോഴിക്കോട് |
| | കേരള | 52 | കാസറഗോഡ് |
| | കേരള | 53 | തൃശ്ശൂർ |
| | കേരള | 54 | കണ്ണൂർ |
| | കേരള | 55 | കൊല്ലം |
| | കേരള | 56 | തിരുവനന്തപുരം |
| | കേരള | 57 | പാലക്കാട് |
| | കേരള | 58 | ആലപ്പുഴ |
| 13 | മദ്ധ്യപ്രദേശ്(1) | 59 | ബോപ്പാൽ |
| 14 | മഹാരാഷ്ട്ര (9) | 60 | അകോലാ |
| | മഹാരാഷ്ട്ര | 61 | മുംബൈ |
| | മഹാരാഷ്ട്ര | 62 | ഔറംഗബാദ് |
| | മഹാരാഷ്ട്ര | 63 | മുംബൈ (സുബുർബാൻ) |
| | മഹാരാഷ്ട്ര | 64 | അമരാവതി |
| | മഹാരാഷ്ട്ര | 65 | ബുൾദാനാ |
| | മഹാരാഷ്ട്ര | 66 | പാർബാനി |
| | മഹാരാഷ്ട്ര | 67 | വാഷിം |
| | മഹാരാഷ്ട്ര | 68 | ഹിംഗോലി |
| 15 | മണിപ്പൂർ (6) | 69 | ടാമെൻഗലോഗ് |
| | മണിപ്പൂർ | 70 | ഉക്കറൂൾ |
| | മണിപ്പൂർ | 71 | ചുറാചന്ദ്പൂർ |
| | മണിപ്പൂർ | 72 | ചന്ദൽ |
| | മണിപ്പൂർ | 73 | സേനാപതി |
| | മണിപ്പൂർ | 74 | തോംബൽ |
| 16 | മേഘാലയ (1) | 75 | വെസ്റ്റ് ഗാരോ ഹിൽസ് |
| 17 | മിസോറാം (2) | 76 | ലാൺഗട്ലൈ |
| | മിസോറാം | 77 | മാമിട്ട് |
| 18 | ഒറീസ (1) | 78 | ഗജപതി |
| 19 | പോണ്ടിച്ചേരി (1) | 79 | മാഹി |
| 20 | രാജസ്ഥാൻ (1) | 80 | ഗാൻഗനഗർ |
| 21 | സിക്കീം (4) | 81 | നോർത്ത് |
| | സിക്കീം | 82 | സൗത്ത് |
| | സിക്കീം | 83 | ഈസ്റ്റ് |

| | | | |
|---|---|---|---|
| 21 | സിക്കിം (4) | 81 | നോർത്ത് |
| | സിക്കിം | 82 | സൗത്ത് |
| | സിക്കിം | 83 | ഈസ്റ്റ് |
| | സിക്കിം | 84 | വെസ്റ്റ് |
| 22 | തമിൾനാഡു (1) | 85 | കന്യാകുമാരി |
| 23 | തെലുങ്കാന (1) | 86 | ഹൈദ്രാബാദ് |
| 24 | ഉത്തർപ്രദേശ് (21) | 87 | രാംപൂർ |
| | ഉത്തർപ്രദേശ് | 88 | മോറാദാബാദ് |
| | ഉത്തർപ്രദേശ് | 89 | ബിജനോർ |
| | ഉത്തർപ്രദേശ് | 90 | ഷഹാനപൂർ |
| | ഉത്തർപ്രദേശ് | 91 | ജ്യോതിപഫൂലനഗർ |
| | ഉത്തർപ്രദേശ് | 92 | മഴഫർനഗർ |
| | ഉത്തർപ്രദേശ് | 93 | ബാലരാംപൂർ |
| | ഉത്തർപ്രദേശ് | 94 | ബാഹിരാച്ച |
| | ഉത്തർപ്രദേശ് | 95 | ബാറല്ലി |
| | ഉത്തർപ്രദേശ് | 96 | മീററ്റ് |
| | ഉത്തർപ്രദേശ് | 97 | സിദ്ധാർത്ഥനഗർ |
| | ഉത്തർപ്രദേശ് | 98 | പിലിബിറ്റ് |
| | ഉത്തർപ്രദേശ് | 99 | ഷാവർസ്തി |
| | ഉത്തർപ്രദേശ് | 100 | ബാഗ്പട് |
| | ഉത്തർപ്രദേശ് | 101 | ഗാസിയാബാദ് |
| | ഉത്തർപ്രദേശ് | 102 | ബുലശ്ഹർ |
| | ഉത്തർപ്രദേശ് | 103 | ഷാജിനാപൂർ |
| | ഉത്തർപ്രദേശ് | 104 | ബാദനൂർ |
| | ഉത്തർപ്രദേശ് | 105 | ബാരാബാങ്കി |
| | ഉത്തർപ്രദേശ് | 106 | കേരി |
| | ഉത്തർപ്രദേശ് | 107 | ലക്നൗ |
| 25 | ഉത്തരാഞ്ജൽ (2) | 108 | ഹാഡ്വാർ |
| | ഉത്തരാഞ്ജൽ | 109 | ഉദ്ദംമ സിംഗ് നഗർ |
| 26 | വെസ്റ്റ്ബംഗാൾ (12) | 110 | മുർഷിദാബാദ് |
| | വെസ്റ്റ്ബംഗാൾ | 111 | മാൽഡാഷ് |
| | വെസ്റ്റ്ബംഗാൾ | 112 | ഉത്തർദിനാജ്പൂർ |
| | വെസ്റ്റ്ബംഗാൾ | 113 | ബിർബൂം |
| | വെസ്റ്റ്ബംഗാൾ | 114 | സൗത്ത് 24-പർഗനാസ് |
| | വെസ്റ്റ്ബംഗാൾ | 115 | നാദിയ |
| | വെസ്റ്റ്ബംഗാൾ | 116 | ദക്ഷിൺദിനാജ്പൂർ |
| | വെസ്റ്റ്ബംഗാൾ | 117 | ഹറോഷ് |
| | വെസ്റ്റ്ബംഗാൾ | 118 | കോച്ച് ബിഹാർ |
| | വെസ്റ്റ്ബംഗാൾ | 119 | കൊൽക്കത്ത |
| | വെസ്റ്റ്ബംഗാൾ | 120 | ബർദ്ദമാൻ |
| | വെസ്റ്റ്ബംഗാൾ | 121 | നോർത്ത് 24-പർഗാനാസ് |

**അനുബന്ധം-III**

പ്രസക്ത ന്യൂനപക്ഷ സമുദായങ്ങൾക്കുനൽകിയ മുൻഗണനാ വായ്പകളുടേയും മൊത്തത്തിൽ പ്രസ്തുത ജില്ലകളിൽ നൽകിയ മുൻഗണനാ വായ്പകളുടേയും/ സ്റ്റേറ്റുമെൻറ് അവസാനിച്ച ത്രൈമാ സികത്തിൽ

| സമുദായത്തിൻറെ പേര് | അക്കൗണ്ടുകളുടെ എണ്ണം | | നീക്കിയിരുപ്പു തുക | |
|---|---|---|---|---|
| | മുൻത്രൈ മാസികം | നിലവിലുള്ളത്രൈമാസികം | മുൻത്രൈ മാസികം | നിലവിലുള്ളത്രൈമാസികം |
| എ. ന്യൂനപക്ഷ സമുദായം | | | | |
| 1. ക്രിസ്ത്യാനികൾ | | | | |
| 2. മുസ്ലീംങ്ങൾ | | | | |
| 3. ബുദ്ധമതക്കാർ | | | | |
| 4. സിക്കുകാർ | | | | |
| 5. സൊറാഷ്ട്രിയമാർ | | | | |
| 6. ജൈനന്മാർ | | | | |
| ആകെ | | | | |
| ബി. മറ്റുള്ളവർ | | | | |
| സി. പ്രസക്തജില്ലകളിലെ | | | | |
| മുൻഗണനാ വിഭാഗം | | | | |
| വായ്പകൾ | | | | |

നോട്ട്:

1. അക്കൗണ്ടുകളുടെ എണ്ണം
2. നീക്കിയിരുപ്പുതുക കോടിക്കണക്കിൽ.

**അനുബന്ധം-IV**

## ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ പ്രവാഹം

## പ്രാമാണിക സർക്കുലറിൽ ക്രോഡീകരിച്ചിരിക്കുന്ന സർക്കുലറുകളുടെ പട്ടിക

| ക്രമ നം. | സർക്കുലർ നമ്പർ | തീയതി | വിഷയം |
|---|---|---|---|
| 1 | RPCD No.SP.BC.4/PS.160-86-87 | 24-07-86 | ന്യൂനപക്ഷ സമുദായങ്ങൾക്കു നൽകിയ വായ്പ |
| 2 | RPCD No.SP.BC.97/PS.160-86-87 | 29-07-86 | ന്യൂനപക്ഷ സമുദായങ്ങൾക്കു നൽകിയ വായ്പ |
| 3 | RPCD No.SP.1378/PS.160-86-87 | 09-01-87 | ന്യൂനപക്ഷ സമുദായങ്ങൾക്കു നൽകിയ വായ്പ |
| 4 | RPCD No.SP.1563/PS.160-86-87 | 11-02-87 | ന്യൂനപക്ഷ സമുദായങ്ങൾക്കു നൽകിയ വായ്പ |
| 5 | RPCD No.SP.BC.75/PS.160-86-87 | 08-04-87 | ന്യൂനപക്ഷ സമുദായങ്ങൾക്കു നൽകിയ വായ്പ |
| 6 | RPCD No.SP.BC.14/PS.160-87-88 | 31-07-87 | ന്യൂനപക്ഷ സമുദായങ്ങൾക്കു നൽകിയ വായ്പ |
| 7 | RPCD No.SP.374/PS.160-87-88 | 31-07-87 | ന്യൂനപക്ഷ സമുദായങ്ങൾക്കു നൽകിയ വായ്പ |
| 8 | RPCD No.SP.BC.45/PS.160-87-88 | 16-10-87 | ന്യൂനപക്ഷ സമുദായങ്ങൾക്കു നൽകിയ വായ്പ |
| 9 | RPCD No.SP.BC.55/PS.160-87-88 | 02-11-87 | ന്യൂനപക്ഷ സമുദായങ്ങൾക്കു നൽകിയ വായ്പ |
| 10 | RPCD No.SP.BC.56/PS.160-87-88 | 02-11-87 | ന്യൂനപക്ഷ സമുദായങ്ങൾക്കു നൽകിയ വായ്പ |
| 11 | RPCD No.SP.649/PS.160-88-89 | 27-09-88 | ന്യൂനപക്ഷത്തിൻറെക്ഷേമം സംബന്ധിച്ച് പ്രധാനമന്ത്രിയുടെ 15 ഇന മാർഗ്ഗനിർദ്ദേശങ്ങൾ |
| 12 | RPCD No.SP.BC.46/PS.160-88-89 | 17-11-88 | ന്യൂനപക്ഷ സമുദായങ്ങൾക്കു നൽകിയ വായ്പ |
| 13 | RPCD No.Stat.BC.66/Stat-20 (CB)/88-89 | 21-01-89 | ന്യൂനപക്ഷ സമുദായങ്ങൾക്കു നൽകിയ വായ്പ |
| 14 | RPCD No.LBS.BC.121/LBC.34-88/89 | 07-06-89 | ന്യൂനപക്ഷ സമുദായങ്ങൾക്കുവേണ്ടിയുള്ള ത്രൈമാസിക സ്റ്റേറ്റുമെൻറ് |
| 15 | RPCD No.SP.BC.37/C.453(U)89-90 | 03-10-89 | ഡിആർഐ പദ്ധതി- സംസ്ഥാന ന്യൂനപക്ഷ ധനകാര്യ/വികസന കോർപ്പറേഷനുകൾവഴി തിരിച്ചുവിടുന്നതിന് |
| 16 | RPCD No.SP.BC.124/PS.160-89-90 | 26-06-90 | ന്യൂനപക്ഷ സമുദായങ്ങൾക്കു |

| | | | |
|---|---|---|---|
| | | | നൽകിയ വായ്പ |
| 17 | RPCD No.SP.BC.80/PS.160-92-93 | 10-03-93 | ന്യൂനപക്ഷ സമുദായങ്ങൾക്കുവേണ്ടിയുള്ള ത്രൈമാസിക സ്റ്റേറ്റുമെൻറ് |
| 18 | RPCD No.SP.1934/PS.160-92-93 | 22-06-93 | ന്യൂനപക്ഷ സമുദായങ്ങൾക്കു നൽകിയ വായ്പ |
| 19 | RPCD No.SP.BC.17/PS.160-93-94 | 10-08-93 | ന്യൂനപക്ഷ സമുദായ സ്റ്റാഫിനുള്ള പരിശീലനം |
| 20 | RPCD No.SP.BC.32/PS.160-93-94 | 06-09-93 | ന്യൂനപക്ഷ സമുദായങ്ങൾക്കുവേണ്ടിയുള്ള പുതുക്കിയ ഫോർമാറ്റ്. |
| 21 | RPCD No.SP.BC.50/PS.160-93-94 | 13-10-93 | ന്യൂനപക്ഷ സമുദായങ്ങൾക്കുവേണ്ടിയുള്ള പുതുക്കിയ ഫോർമാറ്റ്. |
| 22 | RPCD No.SP.BC.83/PS.160-93-94 | 07-01-94 | ന്യൂനപക്ഷ സമുദായങ്ങൾക്കുവേണ്ടിയുള്ള ത്രൈമാസിക സ്റ്റേറ്റുമെൻറ് |
| 23 | RPCD No.SP.BC.166/PS.160-93-94 | 15-06-94 | ന്യൂനപക്ഷങ്ങൾക്കുള്ള വായ്പാ പരിപാടികൾ-4 തിരഞ്ഞെടുത്ത ജില്ലകൾ |
| 24 | LBS.BC.29/02.03.01-94-95 | 31-08-94 | എസ്എൽബിസിയിൽ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ/ബോർഡ് അല്ലെങ്കിൽ സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻറെ പ്രതിനിധികളുടെ ഉൾപ്പെടുത്തൽ. |
| 25 | RPCD No.SP.BC.79/09 10.01-94-95 | 09-12-94 | ന്യൂനപക്ഷ സമുദായങ്ങളുടെ ലിസ്റ്റ്, നിയോ ബുദ്ധിസ്റ്റുകൾക്കുപകരം ബുദ്ധിസ്റ്റ്. |
| 26 | RPCD No.SP.BC.33/09 10.01-96-97 | 07-09-96 | ന്യൂനപക്ഷ സമുദായങ്ങൾക്കുവേണ്ടിയുള്ള ത്രൈമാസിക സ്റ്റേറ്റുമെൻറ് |
| 27 | RPCD No.SP.BC.43/09 10.01-96-97 | 10-01-97 | ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള വായ്പാ പ്രവാഹം- നിർദ്ദേശങ്ങൾ സംഗ്രഹം |
| 28 | RPCD No.SP.BC.108/09 12.01 96-97 | 28-02-97 | ദേശീയ ന്യൂനപക്ഷവികസന ധനകാര്യ കോർപ്പറേഷൻ (ചങഉഎഇ) |
| 29 | RPCD No.SP.BC.13/09 10.01/01-02 | 13-08-01 | ന്യൂനപക്ഷ സമുദായങ്ങൾക്കുവേണ്ടിയുള്ള വിലയിരുത്തൽ പഠനം |
| 30 | RPCD No.SP.1074/09.10.01-2001-02 | 21-01-02 | ന്യൂനപക്ഷ സമുദായങ്ങൾക്കുവേണ്ടിയുള്ള പ്രവാഹം, വർദ്ധന |
| 31 | RPCD No.SP.BC.62/09 10.01/2001-02 | 04-02-02 | ന്യൂനപക്ഷങ്ങൾക്കുള്ള വായ്പാപ്രവാഹം വർദ്ധിപ്പിക്കൽ |

| | | | |
|---|---|---|---|
| 32 | RPCD No.SP.BC.No 22/09 10.01/2006-07 | 01-09-2006 | ന്യൂനപക്ഷ ക്ഷേമത്തിനു വേണ്ടിയുള്ള പ്രധാനമന്ത്രിയുടെ 15 ഇന മാർഗ്ഗനിർദ്ദേശങ്ങൾ |
| 33 | RPCD No.SP.BC.No.83/09 10.01/2006-07 | 27-04-2007 | ന്യൂനപക്ഷ സാന്ദ്രതയേറിയ ജില്ലകളുടെ ലിസ്റ്റ് |
| 34 | RPCD No.SP.BC.No. 13/09 10.01/2007-08 | 16-07-07 | 103 ന്യൂനപക്ഷ സാന്ദ്രതയേറിയ ജില്ലകൾക്കുപുറമേ, മുൻപ് പുറത്തിറക്കിയ ന്യൂനപക്ഷ സമുദായങ്ങൾ കൂടുതലായുള്ള 18 ജില്ലകൾ. |
| 35 | RPCD.GSSD.BC.No.44/09 10.001/2014-15 | 01-12-14 | ജൈൻ സമുദായത്തെ ന്യൂനപക്ഷമായി ഉൾപ്പെടുത്തി. |